ഇന്ത്യാ ബൈബിൾ മിഷൻ
# മെസഞ്ചർ
INDIA BIBLE MISSION MESSENGER

PUBLISHED FROM MUMBAI
www.indiabiblemission.org
MAR - MAY 2018

Vol. 03 Issue - 08 | Quarterly | Annual Subscription ₹ 100 | Pages 6

# മാറ്റങ്ങളുമായി ഐ.ബി.എം. 2018 ലേക്ക്

**മുംബൈ :** 2017-ന്റെ ഒടുവിൽ നടന്ന ജനറൽ ബോഡിയിൽ ഐബിഎമ്മിന്റെ വിശാലമായ ലക്ഷ്യം മുൻനിർത്തി വിവിധ നിലകളിൽ മാറ്റങ്ങൾ കൊണ്ടുവരുവാൻ പ്രാർത്ഥനയോടെ തീരുമാനിച്ചു. സുവിശേഷ തൽപരരായവർക്ക് ജോലിയോടുകൂടിയോ മുഴുവൻ സമയമായോ, മെമ്പേഴ്സ്, മിഷൻ മെമ്പേഴ്സ്, എക്സിക്യൂട്ടീവ് മെമ്പേഴ്സ് എന്നീ നിലകളിൽ ഐബിഎമ്മിനോട് ചേർന്ന് പ്രവർത്തിക്കുവാനുള്ള ക്രമീകരണങ്ങൾ ഉണ്ടാക്കുകയും ഡിസ്ട്രിക്റ്റ്, സ്റ്റേറ്റ് തലത്തിൽ പ്രവർത്തിക്കുവാൻ ആഗ്രഹിക്കുന്നവർക്ക് ആവശ്യമായ എല്ലാ ക്രമീകരണങ്ങളും ഐബിഎമ്മിന്റെ നിബന്ധനകൾക്ക് വിധേയമായി ചെയ്തുകൊടുക്കുവാനും തീരുമാനം ഉണ്ടായി. കൂടാതെ വളരെ ഞെരുക്കത്തിൽ കൂടി പൊയ്ക്കൊണ്ടിരുന്ന ഐബിഎം ഹെഡ് ഓഫീസ് കുറച്ചുകൂടി വിശാലതയിൽ ക്രമീകരിപ്പാൻ ദൈവം സഹായിച്ചു. പുതുതായി ആരംഭിച്ച ഹെഡ് ഓഫീസ് കെട്ടിടത്തിൽ സ്റ്റോക് റൂം, ഓഫീസ്, പ്രെയർ ഹാൾ, ഐബിഎം ബുക്സ് എന്നിവക്കുള്ള എല്ലാ സൗകര്യങ്ങളും ഉണ്ടായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് ഐബിഎം ഓഫീസുമായി ബന്ധപ്പെടുക.

*- സെക്രട്ടറി*







*പുതിയതായി ആരംഭിച്ച ഐബിഎം ഹെഡ് ഓഫീസ്*

## ഡോ. ബില്ലി ഗ്രഹാം വിടപറഞ്ഞു

**അമേരിക്ക :** ലോകത്തിൽ ഏറ്റവും കൂടുതൽ ജനാവലിയെ അതിസംബോധന ചെയ്ത ലോകപ്രശസ്ത സുവിശേഷകൻ ഡോ. ബില്ലിഗ്രഹാം യാത്രയായി. ഏഴ് പതിറ്റാണ്ട് സുവിശേഷ വേദിയിലെ നിറസാന്നിദ്ധ്യമായിരുന്ന ഡോ. ബില്ലി ഗ്രഹാം വിമർശകർക്ക് ന്യൂനതകൾ കണ്ടുപിടിക്കുവാൻ കഴിയാത്ത മാതൃകാ പുരുഷൻ ആയിരുന്നു. അമേരിക്കൻ ഐക്യനാടിന്റെ ഭരണസിരാകേന്ദ്രമായ വൈറ്റ് ഹൗസിൽപോലും അമിത സ്വാധീനം ഉണ്ടായിരുന്ന വ്യക്തിയായിരുന്ന അദ്ദേഹത്തിന് ബ്രിട്ടന്റെ പ്രഭുപദവി, ടെംബിൾടൺ പുരസ്കാരം തുടങ്ങി നിരവധി ബഹുമതികൾ ലഭിച്ചിട്ടുണ്ട്. കഴിഞ്ഞ 70ൽ പരം വർഷത്തോളം സുവിശേഷ പോർക്കളത്തിൽ അദ്ധ്വാനിച്ച താൻ പതിനായിര കണക്കിനാളുകളെ ക്രിസ്തുവിങ്കലേക്ക് നടത്തിയിട്ടുണ്ട്. വിടപറയുമ്പോൾ അദ്ദേഹത്തിന് 99 വയസ്സുണ്ടായിരുന്നു.



## ഇന്ത്യാ ബൈബിൾ മിഷൻ നേതൃപദവിലേക്ക് വീണ്ടും സുവി. കെ. റ്റി. ജോൺ

**മുംബൈ :** മഹാരാഷ്ട്ര ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന ഇന്ത്യാ ബൈബിൾ മിഷൻ എന്ന സുവിശേഷ സംഘടനയുടെ പ്രസിഡണ്ടായി സുവി. കെ. റ്റി. ജോണും, ജനറൽ കോർഡിനേറ്ററായി പാസ്റ്റർ തോമസ് എം.സി. യും എതിരില്ലാതെ വീണ്ടും തിരഞ്ഞെടുക്കപ്പെട്ടു. നിലവിൽ ഗിദയോൻ ഇന്റർനാഷണലിന്റെ മെമ്പറും, മാൻപാഡ ദൈവസഭാ സെക്രട്ടറിയായുമായ കെ. റ്റി. ജോൺ ദീർഘവർഷങ്ങളായി സുവിശേഷ വേലയിൽ സജീവമാണ്. സുവിശേഷകന്മാരായ ഈശോ തോമസ് (സെക്രട്ടറി), പി. എ. ജേക്കബ് (ട്രഷറർ), സജി കുന്നുവിള, കെ. ഒ. ജോൺ (ജോ. സെക്രട്ടറി), തോമസ് മാത്യു, ശ്രീധരൻ കെ. (മെമ്പർ) എന്നിവരെയും തിരഞ്ഞെടുത്തു. 2005-ൽ മുംബൈയിൽ തുടക്കം കുറിച്ച ഐബിഎം മഹാരാഷ്ട്രയുടെ വിവിധ ജില്ലകളിലും, ഇന്ത്യയുടെ വിവിധ സ്റ്റേറ്റുകളിലുമായി ഇന്ന് വളർന്നുകൊണ്ടിരിക്കുന്നു. ഹെഡ് ഓഫീസും, മെയിൻ ബ്രാഞ്ചും, താനെയിലാണ്. കൂടുതൽ വിവരങ്ങൾക്കും, സുവിശേഷ പ്രതികൾക്കും, ബൈബിളുകൾക്കും ഓഫീസുമായി ബന്ധപ്പെടുക. മൊബൈൽ : 9820 847010, 9820153124, 022 - 2589 2582. ●



## ദൈവാലയവും ആരാധനയും



പാസ്റ്റർ മാത്യു വർഗീസ്
മുംബൈ.

**കോരെശിന്റെ** കൽപനയാൽ യെരുശലേമിൽ എത്തിയ ജനം സെരുബ്ബാബേലിന്റെ നേതൃത്വത്തിൽ ആലയത്തിന്റെ പണി നടത്തുന്ന വൃത്താന്തമാണല്ലോ എസ്രായുടെ പുസ്തകത്തിൽ നാം കാണുന്നത് ദൈവജനത്തിന് നഷ്ടപ്പെട്ട ആരാധനയും ആത്മീകാനുഭവങ്ങളും പുനഃസ്ഥാപിക്കുവാൻ കാലാകാലങ്ങളായി ദൈവം ചിലരെ എഴുന്നേൽപിച്ചു കൊണ്ടിരിക്കുന്നു. ഇതൊരു പരമാർത്ഥമായ സത്യമാണ്. ഇവിടെ ആലയം പണിയുവാൻ സെരുബ്ബാബേലിനെയാണ് ദൈവം എഴുന്നേൽപിച്ചത്. അതിനായി പാർസി രാജാവായ കോരെശിന്റെ മനസ്സിനെ ദൈവം ഉണർത്തി. ദൈവം കൽപിച്ചാൽ ആർക്കെങ്കിലും അതിനെ തടയാൻ കഴിയുമോ? യെരുശലേമിലെ ആലയം ദൈവത്തിന് എത്രയും പ്രിയപ്പെട്ടതായിരുന്നു എന്ന് ഈ സംഭവം തെളിയിക്കുന്നു. ഒരു ജാതീയ രാജാവിന്റെ മനസ്സ് ഉണർത്തുന്നതുവരെ യഹൂദാജനം അടങ്ങിപ്പാർക്കുകയായിരുന്നോ? ആരാധന നഷ്ടം ഒരു വലിയ നഷ്ടമാണെന്ന് അവർ ഗ്രഹിച്ചില്ലേ? ദൈവജനമേ, എന്തെല്ലാം നഷ്ടപ്പെട്ടാലും ആരാധനയും ദൈവവുമായുള്ള കൂട്ടായ്മയും നഷ്ടമാകാതെ സൂക്ഷിക്കണം. ചിലതൊക്കെ തകർന്നു കിടക്കുന്നതു കാണുമ്പോൾ നിന്റെ മനസ്സ് വേദനിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ ആ വേദന അറിയുന്ന ദൈവം നിന്റെ മനസ്സിനെ ഉണർത്തും. പലരും തകർന്നു കിടക്കുന്നതിൽ സന്തോഷിക്കുന്നവരും, തകർക്കാൻ ശ്രമിക്കുന്നവരും ആയിരിക്കാം. പക്ഷേ നിന്നെ ദൈവം ഒരു ശുശ്രൂഷ ഏൽപിച്ചിട്ടുണ്ട്. അത് പണിയുക എന്നുള്ളതാണ്. നീ ഒന്നു ധൈര്യപ്പെട്ട് എഴുന്നേറ്റാൽ നിന്റെ കൂടെ പത്തുപേരെയെങ്കിലും ദൈവം എഴുന്നേൽപിക്കും. അങ്ങനെ ദൈവത്താൽ ഉണർത്തപ്പെട്ടവർ യെരുശലേമിലെത്തി ആലയത്തിന്റെ അടിസ്ഥാനം ഇട്ടപ്പോൾ സംഭവിച്ച കാര്യമാണ് 3:11-13 വരെ കാണുന്നത്. ഒരു കൂട്ടർ ഉറക്കെ കരഞ്ഞു. മറ്റൊരു കൂട്ടർ ആർത്തു സന്തോഷിച്ചു. പഴയ ആലയത്തിന്റെ മഹത്വം കണ്ടവരാണ് ഇപ്പോഴത്തെ അനുഭവം കണ്ട് കരഞ്ഞത്. മുമ്പുണ്ടായിരുന്ന ആലയത്തിന്റെ അടിസ്ഥാനം പോലും അത്രക്ക് മനോഹരമായിരുന്നു. എന്നാൽ ഒന്നുമില്ലാത്തതിലും നല്ലതല്ലേ അധികം മനോഹാരിത ഒന്നുമില്ലെങ്കിലും ഒരാലയം ഉള്ളത് എന്നു കരുതിയ പിൻതലമുറ ആർത്തുഘോഷിച്ചു.

13-ാം വാക്യത്തിൽ; "അങ്ങനെ ജനത്തിൻ സന്തോഷ ഘോഷത്തിന്റെ ശബ്ദവും കരച്ചിലിന്റെ ശബ്ദവും തമ്മിൽ തിരിച്ചറിയുവാൻ കഴിയാതെയിരുന്നു. ജനം അത്യുച്ചത്തിൽ ഘോഷിച്ചതുകൊണ്ട് ഘോഷം ബഹുദൂരം കേട്ടു". ഇന്നത്തെ ആരാധനയും അനുബന്ധ പ്രോഗ്രാമുകളും കാണുമ്പോൾ കരയുന്ന ഒരുകൂട്ടം ഭക്തന്മാരുണ്ട്. പക്ഷേ അവരുടെ കരച്ചിൽ പുറത്താരും കേൾക്കുന്നില്ല. അഥവാ കേൾക്കാൻ സമ്മതിക്കില്ല. പഴയതിനെ പുച്ഛിക്കുന്നവരും പുതിയതിനെ ഉൾക്കൊള്ളാൻ കഴിയാത്തവരും ഒരുമിച്ചു കൂടുമ്പോൾ ആർക്ക് സംതൃപ്തി ഉണ്ടാകും! ആർപ്പും ഘോഷവും പ്രെയിസ് ആന്റ് വർഷിപ്പും കൊണ്ട് ശബ്ദമുഖരിതമായ അനുഭവമാണ് യഥാർത്ഥ ആരാധന എന്ന് ഒരു കൂട്ടർ തെറ്റിദ്ധരിച്ചിരിക്കുന്നു. അനുതാപവും ഏറ്റുപറച്ചിലും കണ്ണുനീരും അതുമൂലമുണ്ടാകുന്ന ആത്മസന്തോഷവും ആത്മപ്പകർച്ചയും അനുഭവിച്ചറിഞ്ഞിട്ടുള്ള പഴയകാല ഭക്തന്മാർ ഇതെല്ലാം കണ്ട് അന്തം വിടുന്നു. സത്യാരാധനയും യഥാർത്ഥ ഭക്തിയും ജീവിതത്തിൽ വ്യതിയാനം വരുത്തുന്നില്ലെങ്കിൽ അതുകൊണ്ട് എന്തു പ്രയോജനം. ഒരാൾ ഇപ്രകാരം പറഞ്ഞു. പണ്ട് മക്കയിലേക്ക് പോകുന്ന ഹാജിമാർ വളരെ ചുരുക്കമായിരുന്നു. ഇന്ന് മത്സരിച്ചു പോകുന്നു. പണ്ട് ശബരിമലക്ക് പോകുന്നവർ തുലോം ചുരു

» 3

## തമിഴ്നാട്ടിൽ TPM സഹോദരിമാർ ആക്രമിക്കപ്പെട്ടു...

**കാഞ്ചീപുരം :** തമിഴ്നാട്ടിൽ കാഞ്ചീപുരം ജില്ലയിൽ ഉറപ്പാക്കം എന്ന സ്ഥലത്ത് കൺവൻഷൻ നോട്ടീസ് കൊടുത്തുകൊണ്ടിരുന്ന ടി.പി.എം. സഹോദരിമാരായ സിസ്റ്റർ പരിമളം, സരൾ, കല്യാൺ, ശാന്തി എന്നിവരെ ഒരുപറ്റം സുവിശേഷ വിരോധികൾ ആക്രമിച്ചു. മതതീവ്രവാദികളായ ഹിന്ദുമക്കൾകക്ഷിയിൽപ്പെട്ടവരാണ് ഉപദ്രവിച്ചത്. കഴിഞ്ഞ മാർച്ച് 5 നു രാവിലെ നടന്ന ഈ സംഭവത്തിൽ മറ്റ് ഇതര സാമൂഹ്യ പ്രവർത്തകർ ബന്ധപ്പെടുകയും എഫ്.ഐ.ആർ. ഫയൽ ചെയ്യുകയും ചെയ്തെങ്കിലും ടി.പി.എം. സഭാനേതൃത്വം ഇടവെട്ട് വൈകുന്നേരത്തോടുകൂടി പോലീസ് സ്റ്റേഷനിൽ ചെന്ന് കേസ് പിൻവലിപ്പിക്കയും ചെയ്തു. തങ്ങൾ യേശുക്രിസ്തുവിന്റെ അനുയായികളെന്നും ക്ഷമയാണ് യേശുക്രിസ്തുവിന്റെ മാർഗ്ഗം എന്നും ഈ അവസരത്തിൽ അവർ പോലീസ് അധികാരികളെയും തങ്ങളെ ഉപദ്രവിച്ചവരേയും ഓർപ്പിക്കാൻ മറന്നില്ല. ഈ വിശ്വാസ സമൂഹത്തിനുവേണ്ടി പ്രാർത്ഥിച്ചാലും.

ഇന്ത്യാ ബൈബിൾ മിഷൻ
മെസഞ്ചർ

ADVISORY BOARD

Pr. Biju Thankachan
Dr. Johnsy John
Prof. Simon Chacko
Adv. Sara Samuel

EDITORIAL BOARD

**Patron**
Evg. K. A. Koshy

**Chief Editor**
Pr. Thomas M. C.

**General Editor**
Pr. Abraham John - Kerala
Pr. T. A. Abraham - Bengaluru

**Associate Editors**
Pr. Chandy P. Cherian - Bengaluru
Pr. Saji Varghese - Mumbai
Pr. Prince Koshy - Kerala
Pr. Reji John - Delhi

**Typesetting**
Biju Thomas - Panvel

**Publisher**
India Bible Mission

എഡിറ്റോറിയൽ........

# മനസാക്ഷി മരവിപ്പച്ചവർക്ക് ഒരു പരിഹാര മാർഗ്ഗം



പാ. തോമസ് എം. സി.
ചീഫ് എഡിറ്റർ

ഇന്ന് ലോകം ഉണരുന്നത് ഞെട്ടിപ്പിക്കുന്ന സംഭവങ്ങൾ കേട്ടുകൊണ്ടാണ്. മനസാക്ഷി ഇല്ലാത്ത ഇരുകാലി മൃഗമായി മനുഷ്യൻ മാറിക്കഴിഞ്ഞു. മനുഷ്യനിലെ ദൈവീക ശബ്ദ മാണ് മനഃസാക്ഷി. മൃഗീയമായി കൊലപ്പെടുത്തി എന്ന പ്രസ്ഥാവന മൃഗങ്ങൾക്കുപോലും ലജ്ജയുളവാക്കുന്നതാണ്. 14 വയസുള്ള മകനെ ചുട്ടെരിക്കുന്ന അമ്മ, നൊന്തുപ്രസവിച്ച സ്വന്തം മാതാവിനെ കൊലപ്പെടുത്തുന്ന മകൻ, സ്വന്തം കുഞ്ഞിനെയും ഭർത്താവിനെയും ഇല്ലാതാക്കാൻ കാമുകന് ക്വട്ടേഷൻ കൊടുക്കുന്ന ഭാര്യ, ഇവരെല്ലാം മനുഷ്യരോ! സ്വന്തം കുഞ്ഞിനെ രക്ഷിക്കാൻ ശത്രുക്കളോടു ചെറുത്തു നിൽക്കുന്ന മൃഗങ്ങളെ ചാനൽ വീഡിയോകളിൽ കണ്ടിട്ടുണ്ട്. ഇവിടെ മാനവ വിഭവശേഷി വകുപ്പും അതിന് പ്രത്യേക മന്ത്രിയും, മനുഷ്യാവകാശ കമ്മീഷനും ഒക്കെ നിലവിലുണ്ടെങ്കിലും കാര്യങ്ങൾ തഥൈവ. ശരീര സുഖത്തിനും, പണത്തിനും വേണ്ടി ഏത് ക്രൂരതയും നടപ്പിലാക്കാൻ മടിയില്ലാത്ത മനഃസാക്ഷി മരവിച്ചവർ പെരുകുന്നു. സിനിമയും സീരിയലും, മറ്റ് ദൃശ്യമാധ്യമങ്ങളും അനുകരിക്കാൻ യുവാക്കൾ ശ്രമിക്കുന്നു. അന്താരാഷ്ട്ര കള്ളന്മാർ രാജകീയമായി വിഹരിക്കുമ്പോൾ വിശപ്പടക്കാൻ ഭക്ഷണസാധനങ്ങൾ എടുത്തവനെ പെരുങ്കള്ളനായി മുദ്രകുത്തി തല്ലിക്കൊല്ലുന്നു.

ഇനി ആത്മീയ ഗോളത്തിലേക്ക് നോക്കൂ. ഒരു വിധത്തിൽ അവിടെയും ഇതൊക്ക തന്നെയല്ലേ. അധികാരത്തിനും പ്രശസ്തിക്കും വേണ്ടി നടക്കുന്ന കസേരകളിയും, രാഷ്ട്രീയവും, അതിനുവേണ്ടി ഏതറ്റം വരെയും ഇറങ്ങിചെല്ലാൻ മടിയില്ലാത്ത ഈ കപട ആത്മീകരുടെ ലക്ഷ്യം സത്യത്തിൽ എന്താണ്? വിസ്താര ഭയത്താൽ ഞാൻ നിർത്തുന്നു.

ഇതിന്റെയെല്ലാം മൂലകാരണം പാപമാണ്. ആദാം പാപം ചെയ്യുന്നതിന് മുമ്പ് ഉണ്ടായിരുന്ന ഒരു മനുഷ്യപ്രകൃതമുണ്ട്. അതാണ് യഥാർത്ഥ മനുഷ്യൻ. നമുക്കും നമ്മുടെ സമൂഹത്തിനും ഒരു മാറ്റം ഉണ്ടാകുവാൻ പ്രാർത്ഥിക്കാം. എന്തിനും ഏതിനും സൃഷ്ടാവിന്റെ സാമീപ്യം കൊതിക്കുന്ന ആ നല്ല മനുഷ്യനിലേക്ക് നമുക്ക് മടങ്ങിവരാം. കൊല്ലുവാനും, മുടിക്കുവാനും, അറുക്കാനും വരുന്ന ദുഷ്ടപൈശാചികത്വം ഇവിടെ അരങ്ങ് തകർക്കുമ്പോൾ, പാപമോചനവും, യഥാർത്ഥ സമാധാനവും, ദൈവീക വിടുതലും ലഭ്യമാകണമെങ്കിൽ നിത്യജീവൻ നൽകുന്ന ക്രിസ്തു ഹൃദയത്തിൽ വസിക്കണം. ക്രിസ്തുവിന്റെ വചനം അനുസരിക്കണം ഇതാണ് പരിഹാരമാർഗ്ഗം.

പാപികൾക്കും, മനസാക്ഷി മരവിച്ചവർക്കും പരിഹാരമേകുന്ന ഈ ജീവന്റെ വചനം വായിക്കാത്ത ഒരാളുപോലും ഭാരതത്തിൽ ഉണ്ടാകരുത്. അതാണ് ഇന്ത്യാ ബൈബിൾ മിഷന്റെ ലക്ഷ്യം. വളരെ വെല്ലുവിളികൾ നിറഞ്ഞ ഇന്നത്തെ സാഹചര്യത്തിൽ ഈ വലിയ ദൗത്യത്തി ൽ കൈകോർത്തിരിക്കുന്ന, പ്രാർത്ഥിക്കുന്ന, അദ്ധ്വാനിക്കുന്ന, കൈത്താങ്ങൽ കൊടുക്കുന്ന എല്ലാ ദൈവഭൃത്യന്മാരെയും ദൈവം അനുഗ്രഹിക്കട്ടെ. നിങ്ങളുടെ ഈ ശുശ്രൂഷ വളരെ വലുതാണ്.

# Pentecostal – The Idol Worshippers



**Evg. Renni Solomon**
Nashik

Today, I would like to talk about the latest trend of idol worshiping amongst all the Pentecostal community.

We may say that we don't worship idols, as we belong to the Pentecostal community.

First of all let's look into the bible; in the Old Testament, we see that God is giving the Ten Commandments to Moses on Mount Sinai for his people Israel. In Exodus Chapter 20 verses 2 onwards.

20:2 "I am the LORD thy God, which have brought thee out of the land of Egypt, out of the house of bondage."

20:3 "Thou shalt have no other gods before me."

20:4 "Thou shalt not make unto thee any graven image, or any likeness of anything that is in heaven above, or that is in the earth beneath, or that is in the water under the earth"

20:5 Thou shalt not bow down thyself to them, nor serve them: for I the LORD thy God am a jealous God, visiting the iniquity of the fathers upon the children unto the third and fourth generation of them that hate me;

20:6 And shewing mercy unto thousands of them that love me, and keep my commandments.

Now let's ask ourselves what is an Idol? And when does it become an Idol?

For an example if there is an image or picture hanging on the wall, does it become an idol? If there are any bible verses along with picture hanging on the wall, does it become an idol? No

It becomes an Idol when I say that it is God!

It becomes an idol when I declare it as God!

It becomes an idol when I give credits of God's doings.

In the Bible we see that, based upon the request of the Israelite people, Aaron made an image of a molten calf with the Gold Earrings of the Israelite people. But when does it became an Idol?

When, Aaron declared that image of a molten calf as the God of Israel, who has brought them out of Egypt!!

Now we see a very strange thing, The image of a molten calf which was just made by the hand of Aaron a few minutes ago, All the Israel people have started giving credits not to the great God who has brought them out of Egypt, But it was given to that image of the molten calf and they started worshipping the image of a molten calf as their God.

We may not be worshipping idols openly, But we do have several idols in our life which exists in our Heart, Mind, Body…etc.

If you love anything more than God, then it's Idol worshipping

If you love money/property/bank balance more than God, then it becomes idol

If you love your wife/husband more than God, then it becomes an idol.

If you love your children more than God, then it becomes an idol.

If you love your job/business more than God, then it becomes idol.

If you love anything more than God, then it becomes your an idol.

The one who controls your life is the God of your life. If it's your Husband / Wife/Children/Boss/Money which controls your life then it become the Idol of your life

We are living with too many idols in our day to day life and even in our Home

We are not separated from the idols yet. If we would have separated, Then the living God would have made the decisions of our Lives.

How do we understand our living God, and how does it control our life?

Let me share a short story: There was a believer family and the Husband of that family was running a small grocery store and his wife was a home maker.

One day the husband comes home early and asks wife to get ready for attending a prayer meeting. But the wife declined saying some excuses and asks him to go alone…

So the husband goes to the prayer meeting alone. After the prayer meeting when he returned home, sarcastically the wife asks, how was the meeting? And what was the message preacher had delivered?

The husband replied, I cannot explain to you the message, but the preacher's message influenced my life a lot.

The wife again questions the husband, if you cannot explain the message then how does it influence your life?

The husband replies, I may not be able to explain to you the message, but you know that in our grocery store we used to give only 900 gms for 1kg items. But tomorrow onwards it's going to be 1kg for all 1kg items. We will not steal anymore..

Through our actions we should prove that the Idols don't control our life. And our life should be controlled only by the living God. Faith should be the sole reason behind all the actions in our life.

Faith should be practiced through actions

Let's read another story from the Bible. Through the actions of Zacchaeus, the dishonest tax collector became Jesus disciple.

New Testament Luke chapter 19 verses from 1 to 9 it says…

19:8 Zacchaeus said to the Lord, "I want to do good. I will give half of my money to the poor. If I have cheated anyone, I will pay them back four times more."

Let's think how Zacchaeus would practice his faith through the actions? How did he stop idol worship? Why is he ready to give half of his property to the poor? How is he going to pay ➤ 5

## ബന്ധപ്പെടുക

ഇന്ത്യാ ബൈബിൾ മിഷന്റെ
പ്രവർത്തനങ്ങളെകുറിച്ച് കൂടുതൽ
അറിയുവാനും സഹായിക്കാനും
ആഗ്രഹിക്കുന്നെങ്കിൽ ബന്ധപ്പെടുക.

**Website :**
www.indiabiblemission.org
E-mail :
indiabiblemission05@gmail.com

**Bank :** India Bible Mission
Federal Bank,
Manpada Branch, Thane (W)
Mumbai, Maharashtra
A/c. No. 16810100013089
IFS Code : 0001681

**Phone :** 022 - 2589 2582
**Mob.:** 9820153124 (President)
9820847010 / 57010
(Gen. Co-ordinator)

If any problem arise in transferring funds into IBM account, you may please contact IBM President / General Co-ordinator.
You may also issue a DD / Cheque in the name of India Bible Mission, Manpada, Thane to the following address :
**K. T. John**
C1-802, Freesia, Neelkanth Greens,
Manpada, Thane (W) - 400 610.

# ഇടയന്റെ ഇടയൻ



പാസ്റ്റർ ബിജു തങ്കച്ചൻ M.A, M.Th.
പൂനെ



**സങ്കീർത്തനങ്ങളുടെ** റാണി എന്നും ദാവീദിന്റെ സ്വർഗ്ഗീയ ഇടയഗീതം എന്നും വിളിക്കുന്ന 23-ാം സങ്കീർത്തനത്തിന്റെ പ്രാരംഭ വാക്യമായ ''യഹോവ എന്റെ ഇടയനാകുന്നു'' എന്ന വാക്യം നമുക്ക് പരിചിതമാണ്. ഹൃദ്യവും ആശ്വാസപ്രദവുമായ സങ്കീർത്തന സൗധത്തിന്റെ ശിൽപികളിൽ പ്രധാനിയായ ദാവീദ് അസാധാരണമായ കഴിവുറ്റ കവി എന്ന് സകലരും അംഗീകരിച്ചിരിക്കുന്ന സത്യമാണ്. ഒന്നിലധികം കൽപനകൾ ഒരു സന്ദർഭത്തിൽ ലംഘിച്ചവൻ എങ്കിലും എന്റെ ഹൃദയപ്രകാരമുള്ള മനുഷ്യൻ എന്ന് ദൈവം സാക്ഷ്യപ്പെടുത്തത്തക്കവണ്ണം അനുതാപപുരസരം അടുത്തു ചെന്നവൻ. താൻ അഭിമുഖീകരിച്ച പ്രതിസന്ധികൾ, കടന്നുപോയ ജീവിത പാതകൾ തന്റെ ഉള്ളിന്റെ ഉള്ളിൽ നിക്ഷിപ്തമായിരുന്ന കവിതാ വാസനയെ തൊട്ടുണർത്തുവാൻ പര്യാപ്തമായിരുന്നു. ഇതിലെല്ലാം ഉപരിയായി തന്റെ അപ്പനായ യിശ്ശായി തന്റെ പക്കൽ ഏൽപിച്ച ആടുകളെ അതീവ ശ്രദ്ധയോടെ പരിപാലിച്ച നല്ല ഇടയൻ.

ഏതു കാര്യങ്ങളും സ്വന്തം ജീവിതാനുഭവങ്ങളോടോ സ്വന്തം തൊഴിലിനോടോ താരതമ്യപ്പെടുത്തി പറയുമ്പോഴാണ് അതിന്റെ പ്രസക്തി വ്യക്തമാകുന്നത്. യഹോവ എന്റെ ഇടയനാകുന്നു. എനിക്ക് മുട്ടുണ്ടാകയില്ല എന്ന് ദാവീദ് പറയുമ്പോൾ തനിക്കറിയാം ഒരു ഇടയനും ആടുകളും തമ്മിലുള്ള ബന്ധം എന്താണെന്ന്. ഒരു ഇടയൻ തന്റെ പക്കലുള്ള ആടുകളോട് എത്രമാത്രം കടപ്പാടുള്ളവനായിരിക്കും എന്ന് ഇടയനായ ദാവീദിന് അറിയാം. ദാവീദിന്റെ പക്കലുള്ള ആടുകൾ ദാവീദിന്റേതായിരുന്നില്ല. പ്രത്യുത യിശ്ശായിയുടേതാണ്. യിശ്ശായിയുടെ പക്കൽ നിന്നും ദാവീദ് ആടുകളെ കൈപ്പറ്റുമ്പോൾ അതുപോലെ തിരിച്ച് കൊണ്ടെത്തിക്കാം എന്നുള്ള ആത്മവിശ്വാസത്തോടെയാണ് കൈപ്പറ്റുന്നത്. അതിനുവേണ്ടി പലപ്പോഴും തന്റെ ജീവൻപോലും തൃണവൽഗണിച്ച് കരടിയോടും സിംഹത്തോടും താൻ പോരാടി. എത്രത്തോളം ആത്മാർത്ഥതയോടും കൃത്യനിഷ്ഠയോടും കൂടെ ചെയ്യേണ്ട ജോലിയാണ് ഇടയന്റേതെന്ന് താൻ തിരിച്ചറിഞ്ഞു.

യാക്കോബ് മേയിച്ചത് തന്റെ അമ്മായപ്പന്റെ ആടുകളെ ആയിരുന്നു. പല ആടുകളെയും ദുഷ്ടമൃഗം കടിച്ചുകീറി. രാത്രി യും പകലും പല ആടുകൾ കളവുപോയി (ഉൽപത്തി 31:39). എന്നാൽ ദാവീദ് മേയിച്ചത് സ്വന്തം അപ്പന്റെ ആടുകളെയാണ്. സ്വന്തം അപ്പന്റെ ആടുകളെ മേയിക്കുന്നവർക്കുള്ള ഉത്തരവാദിത്വവും ഊർജ്ജിതത്വവും അമ്മായപ്പന്റെ ആടുകളെ മേയിക്കുന്നവർക്കില്ല. അന്നും ഇല്ല ഇന്നും ഇല്ല. സ്വന്തം ആടുകൾക്കുവേണ്ടി ജീവൻ കൊടുക്കുന്ന നല്ല ഇടയനായ ക്രിസ്തുവിന്റെ കൈക്കീഴിലെ ഇണങ്ങിയ ആടുകളാണ് നാമെങ്കിൽ ദുഷ്ടലോകത്തെ നാം പേടിക്കേണ്ടി വരികയില്ല.

കർത്താവ് നമ്മുടെ നല്ല ഇടയനാണ്. അവൻ തന്റെ ആട്ടിൻകൂട്ടത്തെ മേയിക്കുകയും കുഞ്ഞാടുകളെ ഭുജത്തിൽ എടുത്ത് മാർവ്വിടത്തിൽ ചേർത്ത് വഹിക്കുകയും തള്ളകളെ പതുക്കെ നടത്തുകയും ചെയ്യും. അവസ്ഥ അറിഞ്ഞ് നടത്തുവൻ.

പച്ചപുല്ലും സ്വച്ഛജലവും ഭുജിച്ച് ഓടിക്കളിക്കുന്ന ആടുകളോട് പലപ്പോഴും ദാവീദ് പറഞ്ഞുകാണും 'ഞാൻ നിങ്ങളുടെ ഇടയൻ, എന്നാൽ യഹോവ എന്റെ ഇടയൻ. മുട്ടില്ലാതെ ഞാൻ നിങ്ങളെ നടത്തുന്നു. എന്നാൽ യഹോവ എന്നെ നടത്തുന്നു. ഞാൻ നിങ്ങളെ സംരക്ഷിക്കുന്നു. എന്നാൽ യഹോവ എന്നെ സംരക്ഷിക്കുന്നു.

■

# സംഖ്യകളിലെ വലിയ 'ഒന്ന്'



പാസ്റ്റർ അബ്രഹാം ജോൺ

***ശാസ്ത്ര*** സാങ്കേതിക വിദ്യകൾ അതിന്റെ ഉയരങ്ങൾ കീഴടക്കിയിരിക്കുന്ന ഈ ആധുനിക യുഗത്തിൽ മനുഷ്യജീവിതം നിയന്ത്രിക്കുന്നത് സംഖ്യകളാണെന്ന് പറയേണ്ടതില്ലല്ലോ? ഫോൺ നമ്പർ, ബാങ്ക് അക്കൗണ്ട് നമ്പർ, ആധാർ നമ്പർ, പാൻ നമ്പർ, റേഷൻ നമ്പർ, വോട്ടേഴ്സ് ഐഡി നമ്പർ തുടങ്ങി മനുഷ്യന്റെ ജീവിതവ്യാപാരങ്ങൾ എല്ലാം തന്നെ സംഖ്യകൾ ഏറ്റെടുത്തിരിക്കുന്നു. ഒരുവൻ നേതാവാകുന്നത് അണികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിലാണെങ്കിൽ ഭരണത്തിലെത്തുന്നത് വോട്ടിന്റെ ഭൂരിപക്ഷ അടിസ്ഥാനത്തിലാണ്. ചില സംഖ്യകൾ വളരെ പ്രാധാന്യം ഉള്ളതും ചിലത് തീരെ പ്രാധാന്യമില്ലാത്തതുമാണ്. എല്ലാം ഓരോരോ നമ്പറുകൾ.

'13' എന്നത് നിർഭാഗ്യ സംഖ്യയാണെന്നാണ് വയ്പ്പ്. പ്രത്യേക ചടങ്ങുകൾക്ക് 13-ാം തീയതി ഈ വിശ്വാസമുള്ളവർ ഉപയോഗിക്കുകയില്ല. 13-ാം നമ്പർ മുറി ഒഴിച്ചിടുകയോ 12-ാം നമ്പർ കഴിഞ്ഞ് 13-ാം നമ്പർ ഒഴിവാക്കി അടുത്ത മുറിക്ക് 14-ാം നമ്പർ കൊടുക്കുകയോ ചെയ്യുന്നത് പതിവാണ്. കേരളാ സംസ്ഥാനത്ത് പലപ്പോഴും മന്ത്രിമാരും എം.എൽ.എ മാരും 13-ാം നമ്പർ മുറിയും 13-ാം നമ്പർ കാറും വേണ്ടാ എന്നു വയ്ക്കുന്നു. ഈ സംഖ്യയെ അശുഭ സംഖ്യയായും നിർഭാഗ്യ സംഖ്യയായും ആളുകൾ കാണുന്നു. എന്നാൽ യിസ്രായേലിന്റെ രണ്ടാമത്തെ നേതാവായ യോശുവയുടെ നേതൃത്വത്തിൽ യെരിഹോവിനെ ജയിക്കാൻ ദൈവം ഉപയോഗിച്ച സംഖ്യ 13 ആണെന്നത് പലർക്കും അറിയില്ല. കോട്ടയെ ചുറ്റാൻ ആവശ്യപ്പെട്ട ദൈവം ആറു ദിവസം ഓരോ പ്രാവശ്യവും ഏഴാം ദിവസം ഏഴു പ്രാവശ്യവും ചുറ്റി നടക്കാൻ നിർദ്ദേശിച്ചു. തത്വത്തിൽ യെരിഹോ വിജയത്തിന് ജനം 13 പ്രാവശ്യം ചുറ്റി നടന്നു. ലോക ചരിത്രത്തിൽ നിർണായകമായ ഒരു വിജയം അങ്ങനെ യിസ്രായേൽ ജനം നേടിയെടുത്തു. മാത്രമല്ല അത് ദൈവത്തിനു ശപഥാർപ്പിതവും ദൈവജനത്തിന് അവകാശവുമായിത്തീർന്നു. ഇനി ഒരു ഉയർത്തെഴുന്നേൽപില്ലാത്ത വിധം യെരിഹോ ഉന്മൂലമാതിനു പിന്നിലെ സംഖ്യ '13' ആയിരുന്നു.

വേദപുസ്തകത്തിൽ സംഖ്യകൾക്ക് വളരെ പ്രാധാന്യമുണ്ടെന്ന് പറയേണ്ടതില്ലല്ലോ.

'1' ദൈവത്തിന്റെ നിസ്തുല്യതയെ കാണിക്കുന്നു സംഖ്യയാണ് (ആവ. 6:4)

'2'. വിസ്താര സഭയിലെ സാക്ഷികളുടെ എണ്ണമാണ് (ആവ. 19:16)

'3' ദൈവീകത്വം കൽപിക്കപ്പെട്ട സംഖ്യയാണ്. അബ്രഹാമിന്റെ വീട്ടിൽ വന്ന മൂന്നു ദൂതന്മാർ (18:1-2).

'4' എന്ന സംഖ്യ യെഹെസ്കേൽ, ദാനിയേൽ, സെഖര്യാവ്, വെളിപ്പാട് എന്നീ പുസ്തകങ്ങളിൽ ഉപയോഗിച്ചിരിക്കുന്നു. 4 കുതിരകൾ, 4 ദിക്കുകൾ, 4 കാറ്റുകൾ, 4 കാലങ്ങൾ എന്നിവ 4 എന്ന സംഖ്യയുടെ പ്രത്യേകതകളാണ്. സൃഷ്ടിക്കപ്പെട്ട ലോകത്തിന്റെ സംഖ്യയായിട്ടാണ് 4 പരിഗണിക്കപ്പെടുന്നത്.

'5'-ാം മുദ്ര പൊട്ടിച്ചപ്പോൾ അറുക്കപ്പെട്ട ആത്മാക്കൾക്ക് വെള്ള നിലയങ്കി നൽകപ്പെട്ടതായി കാണുന്നു. വെളി. 6:9-11. യേശു 5 അപ്പം കൊണ്ട് 5000 പുരുഷന്മാരെ പോഷിപ്പിച്ചത് ചരിത്ര » 6

**(ദൈവാലയവും ....... തുടർച്ച)**

ക്കമായിരുന്നു. അതും 41 ദിവസം കഠിന വ്രതമെടുത്ത് വളരെ ഭക്തിയോടെ ആ കർമ്മം നടത്തിയിരുന്നു. ഇന്നോ അത് പിക്നിക് പോകുന്നതുപോലെ ആയി മാറി. പണ്ട് ക്രിസ്ത്യാനികൾ യെരുശലേമിലേക്ക് തീർത്ഥയാത്ര നടത്തുന്നത് അപൂർവ്വമായ കാര്യമായിരുന്നു. ഇന്ന് അതൊരു ഫാഷനായി മാറി. ദൈവമക്കൾ എന്നു പറയുന്നവർക്കോ മിക്കവാറും എല്ലാ മാസങ്ങളിലും കൺവൻഷനുകൾ, ക്രൂസേഡുകൾ, ഉണർവ്വ് യോഗങ്ങൾ, ഉപവാസപ്രാർത്ഥനാ യജ്ഞങ്ങൾ... ആകപ്പാടെ ഒരുതരം ബഹളം! മാധ്യമ ഭാഷയിൽ പറഞ്ഞാൽ എവിടെയും ഭക്തജന തിരക്കു തന്നെ. പക്ഷേ ലോകം ഓരോ ദിവസം ചെല്ലുന്തോറും അധഃപതിച്ചുകൊണ്ടിരിക്കുന്നു. എവിടെയൊക്കെയോ തകരാറുകൾ ഉള്ളതായി തോന്നുന്നില്ലേ? ''യഹോവേ രക്ഷിക്കണമെ, ഭക്തന്മാർ ഇല്ലാതെ പോകുന്നു'' എന്ന് ദാവീദ് നിലവിളിച്ചത് ഓർക്കുന്നില്ലേ. ലോകത്തിന്റെ ദൃഷ്ടിയിലെ ഈ ഭക്തന്മാർ എല്ലാവരും ഭക്തിക്കൊത്ത് ജീവിച്ചിരുന്നെങ്കിൽ ഈ ലോകം എന്നേ നന്നായേനെ. ഒച്ചയും ബഹളവുമാണോ ദൈവസാന്നിധ്യത്തിന് ആധാരം. ചിലരെങ്കിലും അങ്ങനെ തെറ്റിദ്ധരിച്ചിരിക്കുന്നു. അതുകൊണ്ടാണല്ലോ അങ്ങനെയുള്ള സ്ഥലങ്ങളിൽ ആളു കൂടുന്നത്. ഏലിയാവിന്റെ ജീവിതത്തിലെ ഒരു സംഭവം ഒന്ന് ശ്രദ്ധിച്ചേ. 1 രാജാ. 19:11 മുതൽ വായിക്കുമ്പോൾ ഏലിയാവ് പർവ്വതത്തിൽ ദൈവസന്നിധിയിൽ നിൽക്കുകയാണ്. പെട്ടെന്ന് ശക്തിയുള്ള ഒരു കൊടുങ്കാറ്റ് വന്ന് പാറകളെ തകർത്തു കടന്നുപോയി. എന്നാൽ കാറ്റിൽ യഹോവ ഇല്ലായിരുന്നു. അവിടെ ചില പൊട്ടലുകളും കീറലുകളുമൊക്കെ നടന്നില്ലേ! എന്നാൽ വചനം പറയുന്നു; കാറ്റിൽ യഹോവ ഇല്ലായിരുന്നു. പിന്നീട് ഒരു ഭൂകമ്പം. അതിലും യഹോവ ഇല്ലായിരുന്നു. പിന്നീട് ഒരു തീ... അതിലും യഹോവ ഇല്ലായിരുന്നു. ഇന്ന് പലയിടത്തും അഗ്നി (അന്യാഗ്നി) കത്തുന്നുണ്ട്. പലതും ചാരമാകുന്നതും, ദഹിച്ചു മാറുന്നതും കത്തിയമരുന്നതുമായ കാഴ്ച പ്രസംഗകൻ വിളിച്ചു കൂവുന്നുണ്ട്. പക്ഷേ പലരുടെയും അനുഭവങ്ങൾ കാണുമ്പോൾ ആ തീയിലും യഹോവ ഇല്ലായിരുന്നു എന്ന് പറയേണ്ടിയിരിക്കുന്നു. എന്നാൽ നാം കാണുന്ന തീയുടെ ശേഷം സാവധാനത്തിലൊരു മൃദുസ്വരം. ഏലിയാവ് ആ സ്വരം തിരിച്ചറിഞ്ഞു. കാരണം ഇതിനുമുമ്പും അവൻ ആ സ്വരം പലപ്പോഴും കേട്ടിട്ടുണ്ടായിരുന്നു. ഒച്ചപ്പാടു കാരണം ഇന്ന് കർത്താവിന്റെ മൃദുസ്വരം ആരും കേൾക്കുന്നില്ല, തിരിച്ചറിയുന്നുമില്ല. ദൈവശബ്ദം കേട്ടവൻ ഗുഹക്ക് പുറത്തുവന്നു. പല പ്രാവശ്യം ദൈവശബ്ദ് കേട്ടിട്ടും ഇന്നും ഗുഹക്ക് അറ്റത്ത് ഒതുങ്ങിക്കൂടുന്ന എത്രയോ പേരുണ്ട്. അവരോട് കർത്താവ് ഈ പുതുവർഷത്തിൽ പറയുന്നു. 'സ്നേഹിതാ പുറത്തു വാ' എനിക്ക് നിന്നെ ഏൽപിക്കാൻ ചിലതൊക്കെയുണ്ട്. കർത്താവിന്റെ ആലയം പണിക്ക് ചുമൽകൊടുക്കാൻ നീ തയ്യാറാണോ? എങ്കിൽ അവൻ നിന്നെ തന്റെ കൈയിലെ മുദ്രാമോതിരമാക്കി തീർക്കും. യഹോവേ പണ്ടത്തെപ്പോലെ ഒരു നല്ലകാലം മടക്കിത്തരണമെ എന്ന് നമുക്ക് പ്രാർത്ഥിക്കാം. നിന്റെ കരച്ചിൽ ആർപ്പിന്റെ ശബ്ദത്താൽ ആരും കേട്ടില്ലെന്ന് വന്നേക്കാം. എന്നാൽ ഹൃദയങ്ങളെ കാണുന്നവൻ തന്റെ ജനത്തിന്റെ നിലവിളിക്ക് ഉത്തരം നൽകും. തക്കസമയത്ത് അവിടുന്ന് ഉണർവ്വ് അയക്കും. ദൈവം നിന്റെ മനസ്സിനെ ഉണർത്തുന്നത് ഇടിഞ്ഞു കിടക്കുന്ന ചിലതെല്ലാം പണിയാനാണ്. ആകയാൽ മനസ്സ് ഉണർത്തപ്പെട്ടവർ എഴുന്നേറ്റ പണിയട്ടെ ! ●

ഇന്ത്യാ ബൈബിൾ മിഷൻ
മെസഞ്ചർ
വായിക്കുക, വളരുക,
പരിചയപ്പെടുത്തുക
വാർഷിക വരിസംഖ്യ 100 രൂപ
ആയുഷ്ക്കാല വരിസംഖ്യ 1000 രൂപ

# ആത്മീയത : ഒരു അവലോകനം



അനീഷ് വി. കുളത്തൂപ്പുഴ

**ആത്മീയത** എന്നാൽ എന്ത് ? എന്ന ചോദ്യത്തിന് കൃത്യവും, വ്യക്തവുമായ ഒരുത്തരം പറയുവാൻ കഴിയുകയില്ല. ഓരോ വ്യക്തികളുടെയും കാഴ്ചപ്പാടനുസരിച്ച് ആത്മീയതയുടെ നിർവ്വചനവും മാറിക്കൊണ്ടിരിക്കുന്നു എന്നതാണിതിന് കാരണം. ക്രൈസ്തവ സമൂഹത്തിൽ, വിശിഷ്യാ, പെന്തെക്കോസ്ത് സമൂഹത്തിൽ ഏറ്റവും അധികം പറയപ്പെടുന്ന വയാണ് 'ആത്മീയത' അല്ലെങ്കിൽ 'ആത്മീയൻ' എന്നിത്യാദി വാക്കുകൾ. ഒട്ടുമിക്കപ്പോഴും നാം ഈ വാക്ക് ഉച്ചരിക്കുന്നു വെങ്കിലും അതിന്റെ അർത്ഥവ്യാപ്തി എന്താണെന്ന് ഒരിക്കലെങ്കിലും ചിന്തിച്ചിട്ടുണ്ടോ എന്ന് നാം നമ്മോടു തന്നെ ചോദിക്കേണ്ട കാര്യമാത്ര പ്രസക്തമായ ഒരു ചോദ്യമാണ്. ആത്മീയത എന്ന ആശയത്തെ സാമാന്യ ചിന്തയുടെ പരിധിയിൽ നിന്നുകൊണ്ട് വിചിന്തനം ചെയ്യുവാൻ ശ്രമിക്കുകയാണ് എഴുത്തുകാരൻ ഈ ലേഖനത്തിലൂടെ.

ആത്മയിത എന്നാൽ എന്ത് ? ഉത്തരം തേടിക്കൊണ്ടായിരിക്കട്ടെ തുടർന്നുള്ള ചിന്തകൾ. ലേഖകന്റെ അഭിപ്രായത്തിൽ ആത്മീയത എന്നാൽ, ദൈവത്തോടും മനുഷ്യനോടും, പ്രകൃതിയോടും പുലർത്തുന്ന നല്ല ബന്ധത്തെയാണ് അർത്ഥമാക്കുന്നത്. ആത്മീയത എന്നാൽ ദൈവത്തോട് മാത്രം ആഴമായ ബന്ധം പുലർത്തുക എന്നതിൽ ഒതുങ്ങുന്ന ഒന്നല്ല. കാരണം ദൈവവുമായി നല്ല ബന്ധം പുലർത്തുന്ന വ്യക്തിക്ക് മനുഷ്യനുമായി ഭിന്നിച്ചിരിക്കുവാനോ, നാം വസിക്കേണ്ടതിന് ദൈവം സൃഷ്ടിച്ചു നൽകിയ ഭൂമിയെ നശിപ്പിക്കുവാനോ കഴികയില്ല. ആദിമനുഷ്യനായ ആദാമിന് ഏദൻ തോട്ടത്തിന്റെ ഉത്തരവാദിത്വം നൽകുമ്പോൾ ദൈവം കൽപിച്ച രണ്ട് കാര്യങ്ങളുണ്ട്. ഒന്ന്: തോട്ടത്തിൽ വേല ചെയ്യുക, രണ്ട് : തോട്ടം കാക്കുക അഥവാ സൂക്ഷിക്കുക (ഉൽപ. 2:15). തോട്ടത്തിൽ വേല ചെയ്യുന്നതു പോലെ തന്നെ പ്രാധാന്യത്തോടെയാണ് തോട്ടം കാക്കുക എന്ന് ദൈവം കൽപിക്കുന്നത് (ഉൽപ. 2:15). കാരണം ദൈവ മനുഷ്യനുവേണ്ടിയാണ് ഈ തോട്ടം (ഭൂമി) ഉണ്ടാക്കിയത് (സങ്കീ. 115:16).

ഈ മൂന്ന് സംഗതികളിൽ ഏതെങ്കിലും ഒന്നിനുമാത്രം പ്രാധാന്യം നൽകുകയും മറ്റൊന്നിനെ ഒഴിവാക്കുകയും ചെയ്യുന്നു വെങ്കിൽ, അത്തരത്തിലുള്ള ആത്മീയതയെ എങ്ങിനെ നാം വിലയിരുത്തേണം എന്നത് വളരെ ഗൗരവകരമായ ഒരു ചോദ്യമാണ്. കാരണം ഒരുവിധത്തിൽ അല്ലെങ്കിൽ മറ്റൊരു വിധത്തിൽ നാം ഏതെങ്കിലും ഒന്നിനെ അപ്രസക്തമായി കാണാനാഗ്രഹിക്കുന്നവരാണ്. ഈ പോയന്റിൽ നിന്നുകൊണ്ട് ആത്മീയതയെപ്പറ്റി വിശുദ്ധ ബൈബിൾ എന്തു പറയുന്നു എന്ന മറ്റൊരു ചിന്തയിലേക്ക് പ്രിയ വായനക്കാരേ കൊണ്ടുപോകുവാൻ എഴുത്തുകാരൻ ആഗ്രഹിക്കുന്നു.

ആത്മികതയെപ്പറ്റി വി. ബൈബിൾ എന്താണ് പറയുന്നത് ? ''ആത്മീയത'' എന്ന വാക്ക് പഴയനിയമത്തിലോ, പുതിയ നിയമത്തിലോ കാണുന്നില്ല. എന്നാൽ 1 കൊരി. 2:15 ൽ ''ആത്മീയർ'' എന്ന വാക്കു കാണുവാൻ കഴിയുന്നു. തുടർന്നു വരുന്ന അദ്ധ്യായത്തിൽ (1കൊരി. 3) ആത്മീയനും അനാത്മീയനും തമ്മിലുള്ള വ്യത്യാസം പൗലോസ് വ്യക്തമായി വിവരിക്കുന്നു. ആത്മീയതയ്ക്ക് അമിത പ്രാധാന്യം കൊടുക്കുന്ന പെന്തെക്കോസ്ത് ന്യൂജനറേഷൻ സഭകൾ ഈ അദ്ധ്യായം ഒന്നു മനസിരുത്തി വായിച്ചിരുന്നെങ്കിൽ എന്ന് വെറുതേ ആശിച്ചു പോവുകയാണ്.

എന്തുകൊണ്ടാണ് ദൈവം ആത്മയിതയ്ക്ക് ഒരു നിർവ്വചനം നൽകാതെ ആത്മീയൻ എന്ന ആശയത്തെ വ്യാഖ്യാനിച്ചിരിക്കുന്നത്. ഒരുപക്ഷേ ആത്മീയതയേക്കാൾ അധികമായി ആത്മീയന്മാരെ ആഗ്രഹിക്കുന്നതു കൊണ്ടായിരിക്കാം.

ചിലർ ആത്മീയത ഒരു അലങ്കാരമായി കാണുന്നു. മറ്റു ചിലർക്ക് ആത്മീയത ഒരു മുഖം മൂടിയായും; ആത്മീയത അലങ്കാരമായി കണ്ടിരുന്ന ഒരു കൂട്ടരായിരുന്നു പുതിയനിയമത്തിൽ പരാമർശിച്ചിരിക്കുന്ന പരിശന്മാർ. അവർ ആത്മീയതകൊണ്ട്, സമൂഹത്തിൽ സ്ഥാനമാനങ്ങളും, ബഹുമാനവും നേടിയെടുക്കാം എന്നുറച്ചു വിശ്വസിച്ചിരുന്നു. അതുകൊണ്ടായിരിക്കാം അവർ ദാനധർമ്മങ്ങൾ ചെയ്യുമ്പോൾ കൊഴലൂത്തുകാരെ വിളിച്ചിരുന്നതും, പൊതുസ്ഥലങ്ങൾ പ്രാർത്ഥനയ്ക്ക് തിരഞ്ഞെടുത്തതും. ഇക്കൂട്ടരുടെ ഭക്തിയെപ്പറ്റി യേശുവും പരാമർശിച്ചിരുന്നു. ഈ വക പരിശ-ആത്മീയർ ഇക്കാലത്തിലും വിരളമല്ല എന്ന് സമകാലിന ആത്മീയ രാഷ്ട്രീയം നമ്മെ ഓർമ്മപ്പെടുത്തുന്നു.

മറ്റു ചിലർക്ക് ആത്മീയത ഒരു മുഖംമൂടിയാണ്. പലതിൽ നിന്നും ഒളിക്കാനുള്ള ഒരു മറവിടം. അത് ചിലപ്പോൾ നഷ്ടങ്ങളാകാം. കുടുംബപ്രശ്നങ്ങളോ, നിരാശയോ, സ്വഭാവ വൈകൃതങ്ങളോ മടിയോ ആകാം. അങ്ങനെ പല കാരണങ്ങളും ആത്മീയതയ്ക്കു കാരണമാകുന്നു. ആത്മീയത എന്ന മൂടുപടം കൊണ്ട് അവയെ മറച്ചുവെച്ചിരിക്കുകയാണ്. എന്നാൽ ചില സന്ദർഭങ്ങളിൽ ഈ മൂടുപടത്തിനുള്ളിൽ നിന്ന് അവർ പുറത്തുവരും. അന്നേരം ഇത്തരക്കാരുടെ യഥാർത്ഥ മുഖം വ്യക്തമാകും.

ഈ വക ആത്മീയത ഉള്ളിടത്തോളം സഭയിൽ കലഹവും, പ്രസ്ഥാനങ്ങളിൽ വിഘടന ത്വരയും, കമ്മറ്റികളിൽ അലങ്കോലവും സാമ്പത്തിക തിരിമറികളും, ഭൂമി കയ്യേറ്റങ്ങളും തുടർന്നുകൊണ്ടേയിരിക്കും. പെന്തെക്കോസ്ത് സഭാ സമൂഹങ്ങളിൽ നിന്ന് ഇത്തരം പ്രകടനപരമായ ആത്മീയതയെ പുറം തള്ളേണ്ടിയിരിക്കുന്നു. പെന്തെക്കോസ്ത് സഭയുടെ ആദിമ നാളുകളിൽ സ്വർണ്ണം ഉപേക്ഷിച്ചും, വെള്ള വസ്ത്രം ധരിച്ചും മാത്രമല്ല പിതാക്കന്മാർ വേർപാട് അനുഷ്ഠിച്ചത്. ന്യായമായും തങ്ങൾക്ക് ലഭിക്കേണ്ടിയിരുന്ന സമ്പത്തും, നന്മകളും, ക്രിസ്തുവിനു വേണ്ടി അവർ ത്യജിച്ചു. പക്ഷേ കാലം കടന്നുപോയപ്പോൾ അതേ പെന്തെക്കോസ്തിന്റെ നായകന്മാർ ആയിരങ്ങൾ വിലയുള്ള വസ്ത്രങ്ങളും ലക്ഷങ്ങൾ വിലയുള്ള വാഹനങ്ങൾ ഉപയോഗിച്ചും കൊണ്ട് വിശ്വാസികളോട് ലാളിത്യത്തെപ്പറ്റിയും വിശ്വാസ ജീവിതത്തെപ്പറ്റിയും വാചാലമായി പ്രസംഗിക്കുന്നതു കേൾക്കുമ്പോൾ സങ്കോചം തോന്നാറുണ്ട്.

അലങ്കാരത്തിന്റെ ആത്മീയതയുമല്ല, മുഖം മൂടിയുടെ ആത്മീയതയുമല്ല. പ്രത്യുതാ അനുഭവത്തിന്റെ ആത്മീയതയാണ് ദൈവം ആഗ്രഹിക്കുന്നത്. അങ്ങിനെയുള്ളവരെയാണ് പൗലോസ് ആത്മീയർ എന്ന് കൊരിന്ത്യ ലേഖനത്തിൽ പറയുന്നത്.

ആത്മീയരെപ്പറ്റി പറയുമ്പോൾ മറ്റൊരു പ്രധാന കാര്യം കൂടി ചർച്ച ചെയ്യേണ്ടതുണ്ട്. ചിലർ പറയുന്നതുപോലെ തീഷ്ണമായ ആത്മീയതയ്ക്ക് സഭയിലും, വ്യക്തികളിലും സ്ഥാനമുണ്ടോ എന്നല്ല വസ്തുത. വിശുദ്ധ ബൈബിളിൽ എവിടെയെങ്കിലും തീഷ്ണമായ ആത്മീയതയെപ്പറ്റി പരാമർശിക്കുന്നുണ്ടോ? ആത്മീയ തീഷ്ണതയുടെ അമിത പ്രബോധനം പല വിശ്വാസികളെയും യഥാർത്ഥ വേദപുസ്തക ഉപദേശങ്ങളിൽ നിന്നും അകറ്റി വ്യക്തികളുടെയോ, പ്രസ്ഥാനത്തിന്റെയോ ഉപദേശത്തിൽ കെട്ടിയിട്ടിരിക്കുകയാണ്. ഇതേ ആത്മീയ തീഷ്ണതകൊണ്ടായിരിക്കാം ചില വിശ്വാസികളും, നേതാക്കന്മാരും, സാത്താനെ ചവിട്ടിപൊട്ടിക്കുവാനും, ശാപങ്ങളെ മുറിച്ചു മാറ്റുവാനും, വിശുദ്ധ ശാപം ഉച്ചരിക്കുവാനും ശ്രമിക്കുന്നത്. ഇവിടെയെല്ലാം ആത്മീയതയുടെ അമിത പ്രടനമാണ് കാണുവാൻ കഴിയുന്നത്. ഇത്തരം ആത്മീയത ദുഃഖകരമായ നാശത്തിലേക്കായിരിക്കാം വിശ്വാസികളെ കൊണ്ടെത്തിക്കുന്നത്.

ആത്മീയ തീഷ്ണതയെപ്പറ്റി പുതിയ നിയമം നിശബ്ദത പുലർത്തുമ്പോൾ തന്നെ പൂർണ്ണതയുടെ അഥവാ പക്വതയുടെ ആത്മീയതയെപ്പറ്റി പറയുന്നുമുണ്ട്. 1 കൊരി. 2:15 ൽ ആത്മീയരെപ്പറ്റി പറയുമ്പോൾ പൗലോസ് പറയുന്നത് ''ആത്മീയൻ സകലത്തെയും വിവേചിക്കുന്നു. എന്നാൽ അവൻ ആരാലും വിവേചിക്കപ്പെടുന്നതുമില്ല'' എന്നാണ്. മാത്രമല്ല, ക്രിസ്തീയ ജീവിതത്തിൽ ദൈവം ആഗ്രഹിക്കുന്നത് നാമെല്ലാവരും, ക്രിസ്തുവിന്റെ തലയോളം സകലത്തിലും പൂർണ്ണതയുള്ളവരായി വളരേണം എന്നതാണ്. ക്രിസ്തുവിനെ ഒഴികെ വേറെ ഏത് ഉപദേശത്തെ പിന്തുടർന്നാലും ഈ ആത്മീയ പക്വത കൈവരിക്കുവാൻ കഴിയുകയില്ല. ക്രിസ്തുവിനെ ഉപേക്ഷിച്ച് മറ്റ് പല ഉപദേശങ്ങളിലേക്കും മാറി പൊയ്ക്കൊണ്ടിരിക്കുന്ന സഭകൾ അൽപം ചിന്തിച്ചിരുന്നെങ്കിൽ എന്ന് ആഗ്രഹിച്ചുപോകുന്നു.

ദൈവവചനത്തിലും ജീവിതത്തിനും ഒരുപോലെ പ്രാധാന്യം നൽകികൊണ്ടാണ് ആദിമ പെന്തെക്കോസ്ത് പിതാക്കന്മാർ ഈ പ്രസ്ഥാനത്തിന് അടിസ്ഥാനമിട്ടത്. എന്നാൽ ഇന്നത്തെ പെന്തെക്കോസ്ത് തലമുറകൾ എവിടെ എത്തി നിൽക്കുന്നു എന്ന് നാം ഒന്നു വിലയിരുത്തേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. ചില പതിറ്റാണ്ടുകളുടെ പാരമ്പര്യത്തിൽ പിടിച്ചുകൊണ്ട് പെന്തെക്കോസ്തിന്റെ ഉപദേശം എന്ന പുതിയൊരു ഉപദേശത്തിന്റെ നിർമ്മാണത്തിലാണോ നാം എന്നു സംശയിക്കേണ്ടിയിരിക്കുന്നു. അങ്ങനെയാണെങ്കിൽ അത് സഭക്ക് ആപത്താണ്. അത്തരം ഉപദേശങ്ങൾക്ക് മുൻഗണന കൊടുക്കുമ്പോൾ നാം അറിയാതെതന്നെ നാമും പാരമ്പര്യ പ്രസ്ഥാനമായി മാറിപോവുകയാണ്. ഒരുപക്ഷേ ഇത്തരം ഒരു ഉപദേശത്തെ നാം രൂപപ്പെടുത്തുകയാണെങ്കിൽ റോമൻ കത്തോലിക്ക സഭയെപ്പോലെ നാമും, പാരമ്പര്യത്തിലും, പിതാക്കന്മാരുടെ ഉപദേശത്തിലും മുന്നോട്ടു പോകുന്നവരായിത്തീരും.

ക്രിസ്തുവിനെയും അവിടുത്തെ ഉപദേശത്തെയും അനുഗമിക്കുന്ന വിശ്വാസി സമൂഹങ്ങളാണ് നമുക്കിന്ന് ആവശ്യം. പ്രസ്ഥാനത്തിന്റെ ഉപദേശത്തേക്കാൾ ക്രിസ്തുവിന് പ്രാധാന്യം കൊടുക്കുന്നവരാകണം. ക്രിസ്തുവിന്റെ ഭാവം ഉള്ളവരാകുവാൻ പരിശ്രമിക്കേണം. അവിടെയാണ് പക്വതയുടെ ആത്മീയത പ്രകടമാകുന്നത്. ക്രിസ്തുവിനെ മാത്രം പിന്തുടരുന്ന ഒരു വ്യക്തിക്കു മാത്രമേ ഓരോ ദിവസവും ആത്മീയ വളർച്ച പ്രാപിക്കുവാനും, പക്വതയിൽ അഥവാ പൂർണ്ണതയിൽ എത്തിച്ചേരുവാനും കഴിയുകയുള്ളൂ. ആകയാൽ നമ്മുടെ ആത്മീയത, അനുഭവത്തിന്റെ ആത്മീയത, വളർച്ചയുടെ ആത്മീയത ആയിത്തീരുവാൻ ഓരോ വിശ്വാസികളും പരിശ്രമിക്കേണ്ടതാണ്. ●



## Bible Quiz - 3

**റോസമ്മ തോമസ്, താനെ**

1. നിലം കാണാതവണ്ണം മുഖം മൂടിക്കൊള്ളുവാൻ യഹോവയാൽ കൽപിക്കപ്പെട്ട പ്രവാചകൻ ?
2. നാലു സുവിശേഷങ്ങളിലും രേഖപ്പെടുത്തിയിട്ടില്ലാത്ത യേശു കർത്താവിന്റെ വാക്ക് ?
3. യെഹൂദാ ഭരിച്ച രാജാക്കന്മാർ എത്ര ?
4. മാതളനാരകത്തിൽ കീഴിലിരുന്ന രാജാവ് ?
5. എനിക്ക് മക്കളെ തരേണം അല്ലെങ്കിൽ ഞാൻ മരിച്ചു പോകും എന്നു പറഞ്ഞ സ്ത്രീ ?
6. നീലരത്നത്തിന്റെ ഉൽപത്തി സ്ഥാനം ഏതാണ് ?
7. മാളികയുടെ കിളിവാതിൽ കൂടി വീണ് ദീനം പിടിച്ച രാജാവ് ?
8. പിതാവിനോട് അനുഗ്രഹം ചോദിച്ച മകൾ ?
9. പാറ, തൈലനദികളെ ഒഴുക്കി കൊടുത്തതാർക്ക് ?
10. കനാനിൽ ആദ്യം കൂടാരം അടിച്ച സ്ഥലം ?

**(ശരിയുത്തരം അയയ്ക്കുന്ന വ്യക്തിക്ക് സമ്മാനം നൽകുന്നതായിരിക്കും)**

***Answers send by E-mail on before April 15, 2018***

**Mob.:** 9869 248 788

**E-mail :** rosathomas714@gmail.com

**കഴിഞ്ഞ ലക്കത്തിലെ വിജയി**

**സി. എലിസബേത്ത് ജോർജ് - താനെ.**

## നിങ്ങൾ പ്രാർത്ഥിക്കുമോ ?

- ഇന്ത്യാ ബൈബിൾ മിഷന്റെ പ്രവർത്തനങ്ങൾക്കായി ഒരു വാഹനം ആവശ്യമാണ്.
- ഐ.ബി.എമ്മിന്റെ ഇവാഞ്ചലിസം ടീമിന്റെ പ്രവർത്തനങ്ങൾക്കായി ഒരു പ്രോജക്റ്റർ ആവശ്യമാണ്.
- 5000 ബൈബിളും 1 ലക്ഷം പുതിയ നിയമവും 5 ലക്ഷം ട്രാക്റ്റും (വിവിധ ഭാഷകളിൽ) അല്ലെങ്കിൽ ഇത് വാങ്ങാനുള്ള സാമ്പത്തികവും (7.5 ലക്ഷം) ആവശ്യമുണ്ട്.
- ഐ.ബി.എമ്മിന് സ്വന്തമായി ഓഫീസും പ്രെയർ ഹാളും ആവശ്യമാണ്.

**JACOB'S**
ALL IN INTERIORS
A/9-202, Happy Valley, Tikuji-Ni-Wadi Road, Chitalsar, Manpada, Thane (W) - 400 610.
**Mob.: 9819 320 736 / 022 - 2589 0736**

# ഇടർച്ചക്കു മുമ്പേ യഹോവയ്ക്കു ബഹുമാനം കൊടുപ്പിൻ



പാസ്റ്റർ വർഗീസ് മാത്യു
കേരള


**ഭൂമിയുടെ** ഉൽപത്തി മുതൽ കേട്ടുവരുന്ന പേരുകളാണ് സന്ധ്യയും, ഉഷസും എന്ന പ്രതിഭാസം. സന്ധ്യ ഇരുട്ടിലേക്കും ഉഷസ് വെളിച്ചത്തിലേക്കും നയിക്കുന്നു. ഇരുട്ടിന്റെ കാഠിന്യം കൂടിയാൽ അന്ധകാരം എന്നാണ് പറയാറുള്ളത്. എന്നാൽ ഏത് അന്ധകാരവും വെളിച്ചത്തിന്റെ മുമ്പിൽ മുട്ട് മടക്കുന്നു. അപ്രത്യക്ഷമാകുന്നു. ആയതിനാൽ വെളിച്ചം വരുമ്പോൾ ആരും ഓടിക്കാതെ തന്നെ ഓടി മറയുന്ന അത്ഭുത പ്രതിഭാസമാണ് ഇരുട്ട് അഥവാ അന്ധകാരം എന്ന് എല്ലാവരും ഒരുപോലെ സമ്മതിക്കുന്ന സത്യമാണ്.

മനുഷ്യരെ സംബന്ധിച്ചിടത്തോളം പകൽ വെളിച്ചത്തിലും കാണേണ്ടതിനെ ഉള്ളതുപോലെ കാണുവാൻ കഴിയാത്ത അവസ്ഥക്ക് അന്ധത എന്നാണ് പറയുന്നത്. പ്രായവ്യത്യാസമെന്യേ പലരും സർവ്വസാധാരണമായി അഭിമുഖീകരിക്കുന്ന പ്രശ്നം തന്നെയാണ് അന്ധത. അതുകൊണ്ടു തന്നെ വലിയ വിലകൊടുക്കേണ്ടി വരുന്നതും അത്യന്താപേക്ഷിതമായ ഒന്നായും കണ്ണട മാറിക്കഴിഞ്ഞു. പക്ഷെ വെളിച്ചം ഇല്ലെങ്കിൽ കണ്ണട കാഴ്ചവസ്തു മാത്രമാണെന്ന് സംശയമില്ല.

അന്ധത ബാഹ്യമോ ആന്തരികമോ ആകാം. ഏതാണ് ഏറ്റവും കടുപ്പക്കാരൻ എന്നു പരിശോധിച്ചാൽ ആന്തരീക അന്ധത തന്നെയാണ് ഒന്നാമൻ. ആയതിന് കാരണമാകുന്നതോ മനുഷ്യന്റെ ദുഷ്ടതയും ആണ്. ജ്ഞാനികളിൽ ജ്ഞാനിയായ ശലോമോൻ പറയുന്നു 'ദുഷ്ടന്മാരുടെ വഴി അന്ധകാരം പോലെ യാകുന്നു. ഏതിങ്കൽ തട്ടിവിഴും എന്ന് അവർ അറിയുന്നില്ല' (സദൃശ. 4:18). അതായത് ആന്തരീക അന്ധത മനുഷ്യനെ വീഴിക്കുന്നതും എഴുന്നേൽക്കാൻ കഴിയാതെവണ്ണം തളർത്തിക്കളയുന്നതുമാണ്. വളരെ വ്യക്തമായി യെശയ്യ പ്രവാചകൻ രേഖപ്പെടുത്തിയിരിക്കുന്നു. ''അവർ ഭൂമിയിൽ നോക്കുമ്പോൾ കഷ്ടതയും അന്ധകാരവും സങ്കടവുമുള്ള തിമിരവും കാണും. കൂരിരുട്ടിലേക്ക് അവരെ തള്ളിക്കളയും (യെശ. 8:22).

ആത്മീക വെളിച്ചം മാത്രമാണ് ഇത്തരക്കാർക്ക് നിർദ്ദേശിക്കുവാനുള്ള ഏക പരിഹാരമാർഗ്ഗം. ദൈവത്തിനു മാത്രമേ രക്ഷിക്കുവാൻ കഴിയുകയുള്ളൂ. കുരുടന്മാരായ വഴികാട്ടികളെക്കൊണ്ട് നിറഞ്ഞിരിക്കുന്ന ലോകത്തിൽ ജീവിക്കുന്ന മനുഷ്യനോട് ദൈവം പറയുന്നു. ''ഇരുട്ടാകുന്നതിനും നിങ്ങളുടെ കാൽ അന്ധകാര പർവ്വതങ്ങളിൽ ഇടറിപ്പോകുന്നതിനും മുമ്പേ നിങ്ങളുടെ ദൈവമായ യഹോവയ്ക്ക് ബഹുമാനം കൊടുപ്പിൻ, അല്ലെങ്കിൽ നിങ്ങൾ പ്രകാശത്തിനു കാത്തിരിക്കെ അവൻ അന്ധതമസ്സും കൂരിരുട്ടും വരുത്തും (യിര. 13:16).

പാപത്താൽ, ദുഷ്ടതയാൽ, അന്ധതയിലേക്ക് വഴുതിവീണ മാനവജാതിക്ക് വെളിച്ചമായി വന്ന ഏക വഴികാട്ടി കർത്താവായ യേശുക്രിസ്തു മാത്രമാണ്. ഇരുട്ടിൽ നടന്ന ജനം വലിയൊരു വെളിച്ചം കണ്ടു.അന്ധതമസ്സുള്ള ദേശത്ത് പാർത്തവരുടെ മേൽ പ്രകാശം ശോഭിച്ചു (യെശ. 9:2). ആ പ്രകാശമാണ് ക്രിസ്തുയേശു. യേശു പറഞ്ഞു; 'ഞാൻ ലോകത്തിന്റെ വെളിച്ചമാകുന്നു. എന്നെ അനുഗമിക്കുന്നവൻ ഇരുളിൽ നടക്കാതെ ജീവന്റെ വെളിച്ചം ഉള്ളവനാകും (യോഹ. 8:12).




യേശുവിനെ കർത്താവെന്ന് വായ്കൊണ്ട് ഏറ്റുപറയുകയും ദൈവം അവനെ മരിച്ചവരിൽ നിന്നും ഉയിർത്തെഴുന്നേൽപിച്ചു എന്ന് ഹൃദയം കൊണ്ട് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും. ഹൃദയം കൊണ്ട് നീതിക്കായി വിശ്വസിക്കുകയും, വായ്കൊണ്ട് രക്ഷയ്ക്കായി ഏറ്റുപറയുകയും ചെയ്യുന്നു. അവനിൽ വിശ്വസിക്കുന്നവൻ ഒരു നാളും ലജ്ജിച്ചുപോകയില്ല.

യേശുവിനെ വിശ്വാസത്താൽ രക്ഷകനായി സ്വീകരിച്ച്, വചനപ്രകാരം ജീവിക്കുന്ന ഒരുവന്, സ്വന്ത ജീവന് മാത്രമല്ല, ലോകത്തിനു തന്നെ ഒരു പ്രകാശമായി മാറുവാൻ കഴിയും. അങ്ങനെ ഉള്ളവരെക്കുറിച്ച് ബൈബിൾ ഇപ്രകാരം പറയുന്നു ''നിങ്ങൾ എല്ലാവരും വെളിച്ചത്തിന്റെ മക്കളും പകലിന്റെ മക്കളും ആകുന്നു. നാം രാത്രിക്കും ഇരുട്ടിനും ഉള്ളവർ അല്ല.

എല്ലാവരും വെളിച്ചത്തിന്റെ മക്കളും പകലിന്റെ മക്കളും ആയിത്തീരാൻ ദൈവം ആഗ്രഹിക്കുന്നു. ആകയാൽ കാൽ അന്ധകാര പർവ്വതത്തിൽ ഇടറിപ്പോകുന്നതിനു മുൻപേ, ദൈവവചനത്തിനും യഹോവയ്ക്കും ബഹുമാനം കൊടുക്കാൻ സർവ്വശക്തൻ സഹായിക്കട്ടെ. ●

**INDIA BIBLE MISSION GOSPEL MINISTRY**

ദൈവവചന ശുശ്രൂഷ, Tract Distribution, Film Ministry etc. തുടങ്ങിയ ശുശ്രൂഷകൾക്ക് ഞങ്ങളെ അറിയിക്കുക. സഭാ സംഘടനാ വ്യത്യാസം ഇല്ലാതെ, പ്രതിഫലേച്ഛ കൂടാതെ സമർപ്പണത്തോടെ ഞങ്ങൾ കടന്നുവരാം. നമുക്ക് ഒരുമിച്ച് കർത്തൃവേല ചെയ്യാം. ഞങ്ങളെ ബന്ധപ്പെടുക.

Evangelism Directors
**Evg. Thobias Wilson**
Mob.: 09920040686
**Evg. Saji Kunnuvila**
Mob.: 093222 62145

## Pentecostal – The Idol Worshippers ..... contd.

times more?

Do you think Zacchaeus would have made a record of how he has fooled the people?

Is it possible to keep the record of people whom Zacchaeus had cheated?

No. I think Zacchaeus would have started communicating with all the people, and openly accepting the fact that if anyone got cheated by him, he would ask them to contact him so he could pay four times more.

Zacchaeus might have started advertising himself in front of all the people and nation openly and accepted his wrong doings and apologized in front of everyone.

Then all the people / nation started had knowing him through his actions which had shown faith in Christ.

Think about how embarrassed he would be in front of all the people and nation when he openly accepted his crime? But then still he chose this path to prove his faith.

Properties, Money, Fame were the idols of Zacchaeus life. But when Jesus came to his house and his life, then he stopped worshipping idols and gave the control of his life to the Living God.

Our God is is the living & true God and he is very jealous and so he looks at his people and checks if his children are worshipping any idols or loving anything more than him…

We need to understand that an idol doesn't have any life and it is not at all concerned about your wrong doings in life. For example if you went to a Mantravadi / Magician / Pujari, will be even the concerned about the wrong doings going on in your life?

He would simply demand his needs such as liquor and money and would do nothing to change your life or make you to walk in the right path.

There are even in this modern year 2018 we see that there are no changes in the Pentecostal community and they have considered Jesus as their idol. There are even many preachers who introduce Jesus as an idol publically.

Do any pastors/preachers say that in churches, Today after our prayer meeting, Jesus is going to come to your house along with you. Jesus is going to check your rooms, Jesus is going to check your mobile phones, Jesus is going to check your laptops, Jesus is going to check your book and even the newspaper you are reading, Jesus is going to check the TV shows/movies you are watching.

We praise & worship Jesus Christ only in churches and outside we do the World is demanding and live our own life in our own way.

When the Jesus become the Idol of our life?

Suppose if we went to a Mandir / Temple then we would worship and ask for our needs and requirements. Likewise the Pentecostal communities have started using Churches and worship God and then start asking for their needs and requirements.

For example we would ask for a job, financial stability, children and their future a car and at last we also give tithes in the church similar to bribing Jesus, so he would fulfill our prayer requirements.

Pastors and preachers ask us to make a deal with God, if God fulfills our needs and requirements then we would offer something in return to the great mighty God.

Do we really think the mighty God, who created everything in this world including Humans – Does he need anything in return from us?

The bible doesn't teach about offerings, Bible teaches about Sacrifices and the best example is how God himself sacrificed his one and only beloved son for this world.

Today we are so much used to Idol worship that we say to Jesus, you stay only in the Church and I will come and visit you on a weekly basis. We do not want Jesus to talk to us, guide us and show us the path to walk.

We do not want Jesus to punish us when we make mistakes. We only want his blessings and prosperity. Jesus has become a strategy for the Pentecostal community for their needs and requirements fulfillment.

Please refer Psalm 115 verses 4 onwards about Idols and their specialty. This Idol doesn't visit us. It is we who have to visit them. Likewise today we are going to Church. We have songs & worship in churches, but we don't have the same in our lives.

After church we say to Jesus, please do not come with me, Nor try to change my lifestyle or punish me for the wrong doings. Only Bless Me…

Dear brothers and sisters, today we need the true living Jesus. The Jesus who walks with me, guides me, punishes me, commands me, talks to me, heals me, the one who supports and comforts me in pains & sorrows.

Only the true living God can transform and change our lives. Through actions we can prove that Idols don't control our lives.

Faith should be practiced through actions.

We know that Jesus is the only true God. But still we don't practice this true God in our lives and hence are unable to share the Gospel with Neighbors, Friends, and Family… etc.

We have been called believers. But why do we not practice what we believe?

We often believe that through God everything is possible? But are we the only ones who believe? Even Satan and his demons believe the same.

I would even say that Satan & Demons have much more and stronger faith in believing that Jesus Christ is the only true God and through Jesus everything is possible.

So believing in God doesn't make us a believer, because Satan also believes the same… But Satan is not a believer.

***Contd.... next issue***

INDIA BIBLE MISSION
# MESSENGER
For Private Circulation only

**INDIA BIBLE MISSION**
**H.O. :** Dhonde Chawl,
Behind Jagadhamba Hotel,
G. B. Road, Manpada,
Thane (W) - 400 607. Maharashtra

## മുംബൈക്ക് ആവേശക്കടലായ് സീൽ ചാരിറ്റി ഫെസ്റ്റ്




**നവി മുംബൈ :** മുംബൈയുടെ തെരുക്കോണുകളിലും, റെയിൽവേ പ്ലാറ്റ്ഫോമുകളിലും അനാഥരും, അശണരും, രോഗികളുമായി കഴിഞ്ഞിരുന്ന നൂറുകണക്കിനാളുകൾക്ക് ദൈവസ്നേഹത്തിന്റെ തണൽ നൽകിയ സീൽ ആശ്രമം 18 വർഷം പൂർത്തിയാക്കി. തദവസരത്തിൽ സീൽ ഫൗണ്ടേഷൻ നവിമുംബൈയിൽ ഒരുക്കിയ സീൽ ചാരിറ്റി ഫെസ്റ്റ് ആവേശക്കടലായി മാറി. വിവിധ പദ്ധതികൾക്ക് തുടക്കം കുറിച്ച സീൽ ചാരിറ്റി ഫെസ്റ്റിൽ മുംബൈയുടെ നാനാതുറകളിൽ നിന്നും പതിനായിരത്തിലധികം ആളുകൾ പങ്കെടുത്തു.



ആശ്രമ ഡയറക്ടർ കെ. എം. ഫിലിപ്പ് മുഖ്യ സന്ദേശം നൽകിയ ഈ കൂട്ടായ്മയിൽ മുഖ്യാതിഥികളായി മുൻമന്ത്രിയും എം. എൽ.എ. യുമായ ശ്രീ ഗണേഷ് നായിക്, ശ്രീമതി മന്ദാതായ് മാത്രെ (എം.എൽ.എ), ശ്രീ സന്ദീപ് നായിക് (എം.എൽ.എ), ശ്രീ. ജെ. ഡി. സുത്താർ (നവി മുംബൈ മേയർ), ശ്രീ സുധാകർ സോനാവണെ (മുൻ മേയർ), കൂടാതെ കോർപ്പറേറ്റർമാർ, ബിസിനസ് തലവന്മാർ, എന്നിവർ പങ്കെടുത്തു. ലോകപ്രശസ്തനായ സ്റ്റീഫൻ ദേവസിയും സംഘവും, ശ്രീ. നവീൻ കുമാറും അവതരിപ്പിച്ച സംഗീത സായാഹ്നം സീൽ ചാരിറ്റി ഫെസ്റ്റിന് പകിട്ടേകി.

## പാസ്റ്റർ ടി.എസ്. എബ്രഹാം ഇനി ഓർമ്മയിൽ



**കുമ്പനാട് :** 1947 മുതൽ ഇന്ത്യൻ പെന്തെക്കോസ്തൽ ദൈവസഭയുടെ വളർച്ചയുടെ മുഖ്യധാരയിൽ ദൈവം ഉപയോഗിച്ച ദൈവഭൃത്യൻ പാസ്റ്റർ ടി. എസ്. എബ്രഹാം വിട പറഞ്ഞു. ഐ.പി.സി. പ്രസ്ഥാനത്തിന്റെ സ്ഥാപകരിൽ പ്രധാനിയായിരുന്ന പാസ്റ്റർ കെ. ഇ. എബ്രഹാമിന്റെ പുത്രനായിരുന്ന പാസ്റ്റർ ടി. എസ്. എബ്രഹാം ദീർഘവർഷങ്ങൾ ഐ.പി. സി. സ്റ്റേറ്റ് സെക്രട്ടറി, ജനറൽ സെക്രട്ടറി,ജനറൽ പ്രസിഡണ്ട് എന്നീ പദവികൾ അലങ്കരിച്ചു. 2006 ൽ പ്രായാധിക്യത്താൽ സഭയുടെ ഔദ്യോഗിക പദവികളിൽ നിന്ന് വിരമിച്ചെങ്കിലും സഭയുടെ സീനിയർ ജനറൽ മിനിസ്റ്ററായും കുമ്പനാട് സെന്റർ പാസ്റ്ററായും ശുശ്രൂഷയിൽ തുടർന്നു. സഭയ്ക്കും സമൂഹത്തിനും ഒട്ടനവധി സംഭാവനകൾ നൽകിയ പാസ്റ്റർ ടി. എസ്. എബ്രഹാമിന്റെ വിയോഗത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ, മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി.എം.പിമാർ, എം. എൽ.എ മാർ തുടങ്ങി സഭക്കകത്തും പുറത്തും വിദേശത്തുമുള്ള നിരവധി പേർ കടന്നു വന്ന് അനുശോചനം അറിയിച്ചു.

### (സംഖ്യകളിലെ വലിയ ....... തുടർച്ച)

സംഭവമാണല്ലോ.

‘6’ അപൂർണതയുടെയും മാനുഷിക പ്രയത്നത്തിന്റെയും സംഖ്യായിട്ടാണ് കണക്കാക്കുന്നത്.

‘7’ പൂർണതയുടെയും സമ്പൂർത്തിയുടെയും സംഖ്യയാണ്. ‘3’ ദൈവീകത്വത്തെയും ‘4’ സൃഷ്ടിക്കപ്പെട്ട ലോകത്തെയും കുറിക്കുന്നെങ്കിൽ 3+4=7 ആശ്ചര്യകരമായ പ്രവർത്തനങ്ങളുടെ സംഖ്യയാണെന്ന് മനസ്സിലാക്കാൻ വിഷമമില്ല.

‘8’ ദൈവത്തിന്റെ പുതുസൃഷ്ടിയെ കുറിക്കുന്നു.

‘9’ എന്നത് ആത്മാവിന്റെ ഫലങ്ങളുടെയും വരങ്ങളുടെയും സംഖ്യമാണ്.

‘10’ ബാബേലിൽ ചെന്ന എബ്രായ ബാലന്മാരുടെ പരീക്ഷയുടെയും അതിനു ശേഷം അവർക്കു ലഭിച്ച ഉൽകൃഷ്ടതയുടെയും സംഖ്യയാണെന്ന് കാണാം. സ്മുർന്നാ സഭയുടെ പരീക്ഷാ കാലത്തെയും ഈ സംഖ്യ കാണിക്കുന്നു. വെളി. 2:10

വളരെ പ്രാധാന്യമുള്ള മറ്റു ചില സംഖ്യകൾകൂടെ നോക്കാം.

നിർണായക സ്ഥാനം വഹിക്കുന്ന ഒരു സംഖ്യയാണ് ‘12’. യിസ്രായേലും പുതിയ നിയമ സഭയും ഉൾപ്പെട്ട പുതിയ യെരുശലേമിനെ പരാമർശിക്കുന്ന ഇടങ്ങളിൽ ‘12’ നിർണ്ണായകമായ സ്ഥാനം വഹിക്കുന്നു. 12 ഗോത്രങ്ങൾ, 12 ഗോപുരങ്ങൾ, 12 അടിസ്ഥാനങ്ങൾ, 12 മുത്തുകൾ, 12 ഫലങ്ങൾ, 12 അപ്പോസ്തലന്മാർ, 12 മാസങ്ങൾ എന്നിവയും ഇതിനുദാഹരണങ്ങളാണ്.

‘24’ സിംഹാസനങ്ങളെുയും മൂപ്പന്മാരുടെയും സംഖ്യയാണ്. മഹോപദ്രവകാലത്ത് മുദ്രയിടപ്പെടുന്നവരുടെ എണ്ണം ‘1,44,000’ . യേശു ഭൂമിയിൽ രാജാവായി വാഴുന്ന കാലം ‘1000’ വർഷം.

മറ്റൊരു പ്രധാന സംഖ്യയാണ് ‘666’. എതിർ ക്രിസ്തുവിന്റെ സംഖ്യയാണത്. മൃഗത്തിന്റെ സംഖ്യ. അതൊരു മനുഷ്യന്റെ സംഖ്യായണെന്ന് രേഖപ്പെടുത്തിയിരിക്കുന്നു. വെളി. 13:18.

ഇത് ബാബിലോൺ മതത്തിന്റെ (റോമാ മതം) പരമാധികാരിയെക്കുറിക്കുന്നു എന്ന് വേദശാസ്ത്രികൾ അഭിപ്രായപ്പെടുന്നു. നീറോ കൈസറാണ് മൃഗം എന്ന അഭിപ്രായത്തിനും അംഗീകാരം സിദ്ധിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ പേരിന്റെ ഓരോ അക്ഷരത്തിന്റെയും മൂല്യം കൂട്ടിക്കിട്ടുന്ന സംഖ്യയാണ് 666.

NWRN QSR = Neron Qesar അഥവാ നീറോ കൈസർ N = 50+W=6+R=200+N= 50+Q=100+S=60+R=200 = 666.

ശ്രദ്ധിക്കുക : എല്ലാ നാമത്തിനും മേലായ ആരാധനയ്ക്കു യോഗ്യമായ ഒരേയൊരു നാമമേയുള്ളൂ. സ്വർലോകരുടെയും ഭൂലോകരുടെയും അധോലോകരുടെയും മുഴങ്കാൽ ഒക്കെ മടങ്ങുന്ന നാമം. എല്ലാ സംഖ്യകളും സമ്മേളിക്കുന്ന വലിയ ‘‘ഒന്ന്’’. അതാണ് യേശുക്രിസ്തു.

## ഐ.ബി.എം. സുവിശേഷ യോഗങ്ങൾക്ക് അനുഗ്രഹീത സമാപനം

**മുംബൈ :** കഴിഞ്ഞ ഡിസംബർ, ജനുവരി, ഫെബ്രുവരി മാസങ്ങളിലായി ഇന്ത്യാ ബൈബിൾ മിഷന്റെ നേതൃത്വത്തിൽ നടത്തപ്പെട്ട സുവിശേഷ യോഗങ്ങൾ മുംബൈ പട്ടണത്തിന് ഉണർവ്വേകി. ഭാണ്ഡൂപ്പിൽ നടന്ന ഫ്രീഡം ഫെസ്റ്റിവൽ മീറ്റിംഗുകളിൽ പാസ്റ്റർ സൈമൺ ചാക്കോ (യു.എ.ഇ) മുഖ്യപ്രഭാഷകനായിരുന്നു. ഘാട്ട്കോപ്പർ രമാഭായി കോളനിയിൽ നടന്ന ക്രിസ്തുമസ് ബ്ലസിംഗ് ഫെസ്റ്റിവലിൽ സുവി. ബ്ലസൻ വർഗീസ് (ഐ.പി.സി. കാഞ്ചൂർമാർഗ്) ദൈവവചനം ശുശ്രൂഷിച്ചു. കൂടാതെ മുംബൈയിലെ വിവിധ സ്ഥലങ്ങളിൽ നടന്ന ബ്രാഞ്ച് മീറ്റിംഗുകളിൽ ഐബിഎം എക്സിക്യൂട്ടീവ് മെമ്പേഴ്സ് ദൈവവചനം ശുശ്രൂഷിച്ചു.



**ഘാട്ട്കോപ്പറിൽ നടന്ന ക്രിസ്തുമസ് ബ്ലസിങ്ങ് ഫെസ്റ്റിവലിൽ ഇവാ. ബ്ലസൻ വർഗീസ് വചനം ശുശ്രൂഷിക്കുന്നു**





**മുംബൈ ഭാണ്ഡൂപ്പിൽ നടന്ന ഫ്രീഡം ഫെസ്റ്റിവൽ മീറ്റിംഗിൽ പാസ്റ്റർ സൈമൺ ചാക്കോ പ്രസംഗിക്കുന്നു. ഇവാ. വി. സി. ജെസ്റ്റിൻ ഹിന്ദിയിലേക്ക് പരിഭാഷപ്പെടുത്തുന്നു.**

## വിദ്യാർത്ഥി സിംഗപ്പൂരിൽ തടാകത്തിൽ മരിച്ച നിലയിൽ

**കുമ്പനാട്:** പുല്ലാട് മനാട്ട് പുത്തൻവീട്ടിൽ അജി എബ്രഹാമിന്റെ മകൻ അതുൽ അജി എബ്രഹാമിനെ (20) സിംഗപ്പൂരിൽ തടാകത്തിൽ മരിച്ച നിലയിൽ കണ്ടെത്തി. സിംഗപ്പൂരിലെ എസ്.ഡി.എച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് വിദ്യാർത്ഥിയായ അതുലിനെ രണ്ടു ദിവസമായി കാണാനില്ലായിരുന്നു. ഒരു വർഷം മുമ്പ് സിംഗപ്പൂരിലെത്തിയ അതുൽ വർക്ക് പെർമിറ്റിനുവേണ്ടി ഹോട്ടലിൽ അപ്രന്റീസായി ജോലി ചെയ്യുന്നുണ്ടായിരുന്നു. സെൻട്രൽ സിംഗപ്പൂരിലെ ലാർക്കി ക്വേയിലായിരുന്നു താമസം.

ചൊവ്വാഴ്ച രാത്രി ജോലിക്കുശേഷം അതുൽ താമസസ്ഥലത്ത് തിരികെ എത്തിയില്ല. ഒരുമിച്ചു താമസിച്ചിരുന്ന കൂട്ടുകാർ പിറ്റേന്നു പോലീസ് സ്റ്റേഷനിൽ പരാതി നൽകി. താമസസ്ഥലത്തുനിന്ന് അരമണിക്കൂർ സഞ്ചാര ദൂരത്തിലുള്ള സെന്റോസ തടാകത്തിൽ വ്യാഴാഴ്ചയാണ് മൃതദേഹം കണ്ടെത്തിയത്. സിംഗപ്പൂർ പോലീസാണ് വിവരം വീട്ടിൽ അറിയിച്ചത്. മൃതദേഹം നാളെ നാട്ടിലെത്തിക്കാനുള്ള നടുപടികൾ പുരോഗമിക്കുകയാണ്. കോഴഞ്ചേരി ഹയർ സെക്കന്ററി സ്കൂളിൽ നിന്നും മികച്ച മാർക്കോടെ പ്ലസ് ടു പാസായശേഷമാണ് സിംഗപ്പൂരിൽ ഉപരിപഠനത്തിനു പോയത്. മായ ആണ് മാതാവ്. സഹോദരൻ അമൽ എബ്രഹാം.

### INDIA BIBLE MISSION MAGAZINE MINISTRY

ലേഖനങ്ങൾ, വാർത്തകൾ,
കവിതകൾ,
ഭാവനകൾ, പരസ്യങ്ങൾ,
അഭിപ്രായങ്ങൾ ഞങ്ങളെ
അറിയിക്കുക.
Phone : 022 - 2589 5880
**E-mail :** ibmmessenger2015@gmail.com

**Chief Editor : Pastor Thomas M. C.**
Mob.: 9820847010 / 57010


### IBM BOOKS

ഐബിഎം പുതുതായി തുടങ്ങിയ ഓഫീസിൽ
ഐബിഎം ബുക്സ് പ്രവർത്തനം ആരംഭിച്ചിരിക്കുന്നു.
വളരെ മിതമായ വിലയ്ക്ക് നിങ്ങൾക്ക് ലഭ്യമാക്കുന്ന
തോടൊപ്പം ഇതിന്റെ പ്രതിഫലം പൂർണ്ണമായി
ഐബിഎം പ്രവർത്തനങ്ങൾക്കു മാത്രമായി
ഉപയോഗിക്കുന്നു. വ്യഖ്യാന പുസ്തകങ്ങൾ,
കമന്ററീസ്, വിവിധ ഭാഷകളിൽ ആകർഷണീയമായ
ബൈബിളുകൾ, ഗിഫ്റ്റ് ഐറ്റംസ്,
സി.ഡി., വൈൻ.... തുടങ്ങിയവ ലഭ്യമാണ്.
**INDIA BIBLE MISSION**
Nausibhai Compound, Room No. 1, Above Thane Steel,
Beside Hill Crest Society, Godbandar Road, Manpada, Thane (W)
**Mob.: 9820153124 / 9820847010 / 9869244917**


Printed & Published by : INDIA BIBLE MISSION, Regd. No. E-6566 - Thane, Mumbai. Chief Editor : Pastor Thomas M.C., General Editor : Evg. Thomas Mathew.
Email : ibmmessenger2015@gmail.com. Typesetting & Layout : bijuthoms72@gmail.com